ഭരണഭാഷ മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

തൊഴിൽ ഭവൻ,

നം. DT/2798/2021-A9

തിരുവനന്തപുരം.33

തീയതി :10/09/2021

## <u>സർക്കുലർ</u>

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഡിപ്ലോമ യോഗ്യതയുള്ള ജീവനക്കാരുടെ വിവര ശേഖരണം സംബന്ധിച്ച്.

സൂചന:- സർക്കാർ കത്ത് നം. സി1/73/2020-തൊഴിൽ, തീയതി 07.09.2021

**************

വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ **ഡിപ്ലോമ യോഗ്യതയുള്ള ജീവനക്കാരുടെ എണ്ണം** സമർപ്പിക്കുവാൻ സൂചന പ്രകാരം സർക്കാരിൽ നിന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിലേക്കായി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ, മേൽ പ്രകാരം യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ വിവരങ്ങൾ, ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പാലിച്ച്, **itdvacancy@gmail.com മുഖാന്തിരം നൽകിയിട്ടുള്ള Google Sheet ൽ 15.09.2021, 5.00pm നകം അപ് ലോഡ് ചെയ്യേണ്ടതാണ്.**

1. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ *<u>ഡിപ്ലോമ യോഗ്യതയുള്ള</u>* ജീവനക്കാരുടെ വിവരങ്ങൾ മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.
2. മേൽ ജീവനക്കാർ, ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം കൃത്യമായി രേഖപ്പെടുത്തേണ്ടാതാണ്, ഉൾപ്പെട്ടിട്ടില്ലായെങ്കിൽ റിമാർക്ക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.
3. പ്രൊഫോർമയിലെ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.
4. ഡിപ്ലോമ യോഗ്യതയുള്ള ജീവനക്കാർ ഇല്ലായെങ്കിൽ, റിമാർക്ക്സ് കോളത്തിൽ NIL രേഖപ്പെടുത്തേണ്ടതാണ്.
5. Google Sheet ൽ, മേൽ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒഴികെ യാതൊരുവിധ കൂട്ടിചേർക്കലുകൾ /തിരുത്തലുകൾ വരുത്തുവാൻ പാടില്ല.
6. തെറ്റായ വിവരങ്ങൾ ലഭ്യമാക്കുകയോ/ നിർദിഷ്ട യോഗ്യതയുള്ള ഏതെങ്കിലും ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുന്നത് വഴിയോ, പ്രസ്തുത യോഗ്യതയുള്ള ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള സർവീസ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണെങ്കിൽ, ബന്ധപ്പെട്ട സ്ഥാപനമേധാവികൾ മാത്രമായിരിക്കും ഉത്തരവാദികൾ എന്ന വിവരവും പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

7. ജീവനക്കാരുടെ വിവരങ്ങൾ സർവീസ് ബുക്കുമായി ഒത്തുനോക്കി മാത്രം ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി.

**സ്വീകർത്താവ്:-എല്ലാ സ്ഥാപനമേധാവികളും**